പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 8

# 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോടുചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ

(ശ്രീ. എം. സ്വരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

608/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 8

# 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോടുചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ

(ശ്രീ. എം. സ്വരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

## കേരള സംസ്ഥാനത്തെ വിവിധ പക്ഷി-മൃഗ സങ്കേതങ്ങളോടുചേർന്ന് അവയുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടംതട്ടുന്നതരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും വിനോദസഞ്ചാര വികസനത്തിനും മറ്റു സർക്കാർ സ്വകാര്യ സ്ഥാപനങ്ങളുടെ ആവശ്യത്തിനുംവേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പൊതുവായ മാതൃക അവലംബിക്കേണ്ടുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—പക്ഷി-മൃഗാദികളെക്കൊണ്ടും വന-ജൈവ സമ്പത്തുകൊണ്ടും സമ്പന്നമായ കേരളത്തിൽ എല്ലാ ജീവജാലങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവയുടെ ആവാസവ്യവസ്ഥകൾക്ക് കോട്ടംതട്ടാത്തവിധം ആ മേഖലകളെ പരിപോഷിപ്പിക്കേണ്ടതിന്റെയും അവയുടെ നീതിപൂർവ്വകമായ ഉപയോഗത്തിനും ആസ്വാദനത്തിനും സൗകര്യപ്രദമായ നിലയിലുള്ള അവബോധം സൃഷ്ടിക്കുന്നതിനും ദുസ്സഹവും അശാസ്ത്രീയവുമായ ആവാസ വ്യതിയാനത്തിന് കളമൊരുക്കുന്നതുമായ നിർമ്മാണ പ്രക്രിയകൾ നിയന്ത്രിക്കുന്നതിനും പക്ഷി-മൃഗാദികളുടെ പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിനുമായി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ടിന് "2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോടുചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ആക്ട്" എന്ന് പേര് പറയാം.

(2) ഇത് സംസ്ഥാനത്തെ എല്ലാ പക്ഷി സങ്കേതങ്ങളും മൃഗ സങ്കേതങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളും അടങ്ങുന്ന പ്രദേശത്ത് സർക്കാർ വ്യാപ്തി കൽപ്പിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ:</u>

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "വകുപ്പ്" എന്നാൽ ഈ ആക്ടിന്റെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(സി) "പക്ഷി-മൃഗ സങ്കേതങ്ങൾ" എന്നാൽ വനമേഖലയിലും മറ്റ് പക്ഷി-മൃഗ സങ്കേതങ്ങളിലും വിനോദസഞ്ചാര മേഖലയിലും മറ്റുമുള്ള പക്ഷി-മൃഗങ്ങളുടെ ആവാസകേന്ദ്രങ്ങൾ എന്നർത്ഥമാകുന്നു;

(ഡി) ''വിജ്ഞാപനം'' എന്നാൽ ഈ ആക്ട് പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഇ) "പക്ഷി-മൃഗ സങ്കേതങ്ങളിലെ നിർമ്മാണ നിയന്ത്രണ ബോർഡ്" എന്നാൽ പ്രസ്തുത മേഖലയിൽ കെട്ടിട നിർമ്മാണത്തിന് പരിസ്ഥിതി സൗഹാർദ്ദവും അവിടത്തെ ജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് തടസ്സംവരാത്തതരത്തിൽ കെട്ടിട നിർമ്മിതി മാതൃകാപരവും പാരിസ്ഥിതിക സഹകരണത്തോട് ഇണങ്ങിച്ചേരുന്ന തരത്തിലുള്ളതുമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഒരു സമിതി എന്നർത്ഥമാകുന്നു. ഇത് ഈ ആക്ടിലെ മൂന്നാം വകുപ്പനുസരിച്ച് രൂപീകരിക്കുന്നതാണ്;

(എഫ്) "കളക്ടർ" എന്നാൽ അതത് ജില്ലയുടെ കളക്ടർ എന്നർത്ഥമാകുന്നു.

3. <u>പക്ഷി-മൃഗ സങ്കേതങ്ങളിലെ നിർമ്മാണ പ്രവർത്തന നിയന്ത്രണ ബോർഡിന്റെ രൂപീകരണം.</u>—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതും പക്ഷി-മൃഗ സങ്കേതങ്ങളിലെ നിർമ്മാണ പ്രവർത്തന നിയന്ത്രണത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും കേരള പക്ഷി-മൃഗ സങ്കേതങ്ങളിലെ നിർമ്മാണ പ്രവർത്തന നിയന്ത്രണ ബോർഡ് എന്ന പേരിൽ ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

(2) പ്രസ്തുത ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. എല്ലാ ജില്ലയിലും ബോർഡ് രൂപീകരിക്കേണ്ടതുമാണ് :

(എ) ജില്ലാ കളക്ടർ (എക്സ്-ഒഫീഷ്യോ);

(ബി) ജില്ലാ വനം/പരിസ്ഥിതി വകുപ്പ് ഓഫീസർ (എക്സ്-ഒഫീഷ്യോ);

(സി) ജില്ലാ ടൂറിസം ഡയറക്ടർ (എക്സ്-ഒഫീഷ്യോ);

(ഡി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്;

(ഇ) പ്രസ്തുത മേഖലകൾ ഉൾക്കൊള്ളുന്ന പ്രദേശത്തെ എം.എൽ.എ.-മാർ;

(എഫ്) പ്രസ്തുത മേഖല ഉൾക്കൊള്ളുന്ന സ്ഥലത്തെ ജില്ലാ പഞ്ചായത്ത് മെമ്പർമാർ;

(ജി) പ്രസ്തുത മേഖല ഉൾക്കൊള്ളുന്നിടത്തെ ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ;

(എച്ച്) പ്രസ്തുത മേഖല ഉൾക്കൊള്ളുന്ന സ്ഥലം മുനിസിപ്പൽ/കോർപ്പറേഷൻ പരിധിയിലാണെങ്കിൽ അവിടത്തെ ചെയർമാൻ/ചെയർപേഴ്സൺ/മേയർ എന്നിവർ;

(ഐ) ജില്ലാ പ്ലാനിംഗ് ഓഫീസർ (എക്സ്-ഒഫീഷ്യോ);

(ജെ) അതത് ടൂറിസം മേഖലയുടെ ഉന്നതാധികാരി (എക്സ്-ഒഫീഷ്യോ);

(കെ) അതത് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഒരു പ്രതിനിധി.

(3) സമിതി അംഗങ്ങളിൽ നിന്ന് അതത് സമിതി ഒരംഗത്തെ ചെയർമാനായും അതത് ജില്ലാ കളക്ടറെ സെക്രട്ടറിയായും തെരഞ്ഞെടുക്കേണ്ടതാണ്.

4. <u>ബോർഡിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ആസ്ഥാനവും.</u>—(1) സർക്കാർ വിജ്ഞാപനംമൂലം അതത് ജില്ലയിൽ രൂപീകരിക്കപ്പെടുന്ന ബോർഡിന് ജില്ലയിലെ ഉചിതവും എന്നാൽ പ്രസ്തുത സങ്കേതങ്ങളുമായി ഏറെ അടുത്ത സ്ഥലത്തും ഒരു ആഫീസ് തുറക്കേണ്ടതും ആക്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2) അതത് മേഖലകളുടെ പരിസ്ഥിതിക്കും കാലാവസ്ഥയ്ക്കും ഇണങ്ങുന്ന തരത്തിലുള്ള കെട്ടിട നിർമ്മാണ മാതൃകകൾ രൂപപ്പെടുത്തേണ്ടതും നിലവിലുള്ള കെട്ടിടങ്ങൾക്ക് ഉപരിതലം ആ മാതൃകയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പുതുതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണാനുമതി നൽകുമ്പോൾ ഈ മാതൃകകൾ അവലംബിക്കുവാൻ ആവശ്യപ്പെടുകയും അവ നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും വേണം.

(3) വിനോദസഞ്ചാര വികസനം, വ്യവസായ വികസനം എന്നിവയുമായി ബന്ധപ്പെട്ട് നിർമ്മാണം ആരംഭിക്കുമ്പോൾ പ്രസ്തുത നിയമം പാലിക്കുന്നത് ഉറപ്പുവരുത്തി മാത്രം അനുമതി നൽകണം.

(4) ജനപങ്കാളിത്തത്തോടെ ജനങ്ങളെ ബോധവൽക്കരിച്ചും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

(5) സൂര്യപ്രകാശമോ മറ്റ് വെളിച്ച സ്രോതസ്സുകളോ അവിടത്തെ കെട്ടിടങ്ങളിലോ പരസ്യ ബോർഡുകളിലോ മറ്റേതെങ്കിലും വസ്തുവിലോ തട്ടി പ്രകാശം പ്രതിഫലിക്കുമ്പോൾ അവിടത്തെ പക്ഷി-മൃഗാദികൾക്ക് അസ്വസ്ഥതകൾ വരാത്തവിധമുള്ള നിർമ്മാണസാമഗ്രികൾ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകണം.

(6) കെട്ടിട നിർമ്മാണത്തിന് സ്ഫടിക ഗ്ലാസ്സുകൾ, ഫൈബർ ഗ്ലാസ്സുകൾ, വിവിധതരം ലോഹ ഷീറ്റുകൾ എന്നിവ ഉപയോഗിക്കുന്നത് നിരോധിക്കാനും നിലവിലുള്ളവ കാലാനുസൃതമായി മാറ്റുന്നതിനോ മറയ്ക്കുന്നതിനോ നിർദ്ദേശം നൽകണം.

(7) പ്രസ്തുത മേഖലയിലെ കെട്ടിടങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാസസ്ഥലങ്ങളിലെ കെട്ടിടങ്ങൾക്കും ഏകീകൃതവും കാലാവസ്ഥാനുസൃതവുമായ മാതൃകയും നിർമ്മാണ സാമഗ്രികളും കെട്ടിടങ്ങളുടെ പുറംചട്ടയ്ക്ക് തേയ്ക്കുന്ന ചായത്തിനും ഒരേ മാതൃകയുണ്ടാകുന്നതിനും ക്രമാനുഗതമായി നടപടി കൈക്കൊള്ളണം.

(8) സമിതി സർക്കാരിന്റെ നിയന്ത്രണത്തിനും നിലവിലെ എല്ലാ നിയമത്തിനും കാലാനുസൃതമായുണ്ടാകുന്ന മറ്റ് നിയമങ്ങൾക്കും വിധേയമായി ബോർഡിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമാണെന്ന് തോന്നിയാൽ ഈ ആക്ടോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും ചെയർമാനോ മറ്റേതെങ്കിലും അംഗങ്ങൾക്കോ സെക്രട്ടറിക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

5. ബോർഡിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ജീവനക്കാരെയോ ഉദ്യോഗസ്ഥരെയോ സർക്കാരിന്റെ നിർദ്ദേശപ്രകാരം നിയമിക്കാവുന്നതാണ്.

6. <u>ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാലുള്ള ശിക്ഷ.</u>—ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ പ്രസ്തുത സ്ഥാപനത്തിനോ വ്യക്തിക്കോ വകുപ്പിനോ എതിരെ ബോർഡ് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിനെ ഉപദേശിക്കേണ്ടതാകുന്നു.

7. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന് ഒരു ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്.

(2) ഇപ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ സഭ മുമ്പാകെ വയ്ക്കേണ്ടതും അപ്രകാരം സഭയിൽ വയ്ക്കുന്ന ചട്ടങ്ങളിൽ ഏതെങ്കിലും ഭേദഗതി ചെയ്യുന്ന രൂപത്തിൽ മാത്രം പ്രാബല്യത്തിൽ വരുകയും ചെയ്യുന്നതുമാകുന്നു. ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലും ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പക്ഷി-മൃഗാദികളെക്കൊണ്ടും, വന-ജൈവ സമ്പത്തുകൊണ്ടും സമ്പന്നമായ കേരളത്തിൽ എല്ലാ ജീവജാലങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവയുടെ ആവാസവ്യവസ്ഥകൾക്ക് കോട്ടംതട്ടാത്തവിധം ആ മേഖലകളെ പരിപോഷിപ്പിക്കേണ്ടതിന്റെയും അവയുടെ നീതിപൂർവ്വകമായ ഉപയോഗത്തിനും ആസ്വാദനത്തിനും സൗകര്യപ്രദമായ നിലയിലുള്ള അവബോധം സൃഷ്ടിക്കുന്നതിനും ദുസ്സഹവും അശാസ്ത്രീയവുമായ ആവാസവ്യതിയാനത്തിന് കളമൊരുക്കുന്നതുമായ നിർമ്മാണപ്രക്രിയകൾ നിയന്ത്രിക്കുന്നതിനും പക്ഷി-മൃഗാദികളുടെയും പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിനും ഒരു പുതിയ നിയമം ആവശ്യമായിത്തീർന്നിരിക്കുന്നു.

പക്ഷി-മൃഗ സങ്കേതങ്ങളോടനുബന്ധിച്ചുള്ള കെട്ടിടങ്ങളുടെ ചുവരുകളും മേൽക്കൂരകളും മറ്റും സ്ഫടിക ഗ്ലാസ്സ്, ഫൈബർ ഗ്ലാസ്സ്, വിവിധ ലോഹ ഷീറ്റുകൾ എന്നിവകൊണ്ട് നിർമ്മിക്കുന്നതിനാൽ അവയിൽ സൂര്യപ്രകാശമോ മറ്റ് പ്രകാശ സ്രോതസ്സുകളോ തട്ടി പ്രതിഫലനം നടക്കുമ്പോൾ അതുമൂലം പക്ഷി-മൃഗാദികളുടെ സ്വസ്ഥവിഹാരത്തിന് കോട്ടംതട്ടുന്നതിനാലും അതുമൂലം അവ അവിടങ്ങളിൽ നിന്നും വനാന്തർഭാഗത്തേക്ക് ചേക്കേറാൻ ഇടവരുത്തുന്നതിനാലും വിനോദസഞ്ചാരികൾക്കും മറ്റും അവയെ നേരിൽ കാണാൻ കഴിയാതെവരുകയും പ്രസ്തുത സങ്കേതങ്ങൾ ക്രമാനുഗതമായി ഇല്ലാതാകുകയും ചെയ്യുന്നതിനാലും സൂര്യതാപമേറ്റ് ഇത്തരം നിർമ്മാണ അസംസ്കൃത വസ്തുക്കൾ ക്രമാതീതമായി ചൂടാകുന്നതിനാൽ താപനിലയിൽ മാറ്റംവരുകയും ചെയ്യുന്നതുമൂലം കാലാവസ്ഥ വ്യതിയാനമുണ്ടാകുകയും ചെയ്യുന്നത് തടയുന്നതിനും അവിടെ പക്ഷി-മൃഗാധികളുടെ സങ്കേതമായി നിലനിർത്തുന്നതിനും വിനോദസഞ്ചാരസാദ്ധ്യതകൾ വർദ്ധിക്കുന്നതിനും അതുവഴി ടൂറിസം വ്യവസായം വികസിക്കുന്നതുവഴി നാടിനുണ്ടാകുന്ന പുരോഗതി കണക്കിലെടുത്തും പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള കേരള പക്ഷി-മൃഗസങ്കേതങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണ നിയന്ത്രണ ബോർഡ് രൂപീകരിക്കുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളടക്കം സർക്കാരിന് സാമ്പത്തികബാധ്യത ഉണ്ടാകുന്നതും അതിനുള്ള തുക വിനോദസഞ്ചാര വികസന പ്രവർത്തനങ്ങളുടെ ഭാഗമായി സ്വരൂപിക്കാൻ കഴിയുന്നതുമാണ്. എന്നാൽ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 12 ലക്ഷം രൂപ സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബിൽ സർക്കാർ വിജ്ഞാപനംവഴി പ്രാബല്യത്തിലാകുന്നമുറയ്ക്ക് ചട്ടങ്ങൾ ഉണ്ടാക്കുന്നതിനും ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനും റദ്ദാക്കുന്നതിനും ഉള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാകയാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

എം. സ്വരാജ്, എം. എൽ. എ.